
باللغة المليبارية

جمعية إحياء التراث الإسلامي

صفة العمـرة بالصور

# സചിത്ര ഉംറ വിവരണം










ക്രോഡീകരിച്ച് തയ്യാറാക്കിയത് :

## مركز الهداية للتعريف بالإسلام

## ഹിദായ ഇസ്‌ലാം പ്രസന്റേഷൻ സെന്റർ

[محافظتي الأحمدي ومبارك الكبير]

69980667 hedaya kwt hipckuwait hipc.kuwait hipc.alturath.net

صفة العمرة بالصور

مترجمة إلى اللغة المليبارية

# സചിത്ര ഉംറ വിവരണം

സാംസകാരിക സമിതി സൂക്ഷ്മ പഠനം നിർവഹിച്ചത്

**ജാമിഅഹ് ഇഹ്യാ അറ്റ് തുറാത്ത് അൽ-ഇസ്ലാമി**

**Jamiyyah Ihya at Turath al-Islami**

**Islamic Heritage Revival Society**

ക്രോഡീകരിച്ചു തയ്യാറാക്കിയത്:

**ഹിദായ ഇസ്‌ലാം പ്രസന്റേഷൻ സെന്റർ**

**HEDAYA ISLAM PRESENTATION CENTER**

**Kuwait. 69980667 - 66559553**

HEDAYA ISLAM PRESENTATION CENTER

# ഉള്ളടക്കം


മുഖവാക്ക് ........................................................ 03
യാത്രയിലെ ദിക്റുകളും പ്രാര്‍ത്ഥനകളും ........... 04
ഉംറയുടെ സാധുത ................................................ 07
ഉംറയുടെ കാലം .................................................. 07
ഉംറയുടെ വിധി ................................................... 08
ഉംറയുടെ നിര്‍വചനം .......................................... 08
ഉംറയുടെ അനുഷ്ഠാനങ്ങള്‍ ................................ 08
ഇഹ്റാമിന്‍റെ മീഖാത്തുകള്‍ ................................ 09
മീഖാത്തിലെ കര്മ്മങ്ങള് .................................... 10
ഇഹ്റാം വസ്ത്രം ധരിച്ച ശേഷമുള്ള കര്മ്മങ്ങള് .... 15
ഇഹ്റാമില് വിരോധിക്കപ്പെട്ടവ ............................. 17
ഇഹ്റാമിന് ശേഷം ചെയ്യാവുന്നത് ...................... 20
മീഖാത് മുതല് മസ്ജിദുല് ഹറം വരെ നിര്വഹിക്കാനുള്ളത് ........................................... 21
ത്വവാഫ് .............................................................. 23
ത്വവാഫിനു ശേഷം ............................................ 26
സ്വഫാ മര്വക്കിടയിലുള്ള ഓട്ടം ......................... 28
തല മുണ്ഡനം/മുടി ചെറുതാക്കല് (തഹല്ലുല്) ......... 32

# ആമുഖം

بسم الله الرحمن الرحيم و الحمد لله والصلوة والسلام على رسول الله وعلى آله وأصحابه ومن والاه.

أما بعد :

ജംഇയ്യത്തു ഇഹ്യാഉത്തുറാസില് ഇസ്‌ലാമിയുടെ കീഴിലുള്ള അൽഹിദായ ഇസ്ലാമിക് പ്രസന്റേഷന് സെൻറർ (അല് അഹ്മദി, മുബാറക്ക് അല് കബീര്) സചിത്ര ഉംറ വിവരണ കൈപ്പുസ്തകം പുറത്തിറക്കുന്നതിൽ അങ്ങേയറ്റം സന്തോഷമുണ്ട്.

പ്രസ്തുത ദൗത്യം വിദേശികളായ ജനങ്ങൾക്ക് പരമാവധി പ്രയോജനപ്പെടുന്നതിന് വേണ്ടി വിവിധ ഭാഷകളിലേക്ക് തർജ്ജമ നിർവഹിക്കപ്പെടുന്നതാണ്. വിദേശികള്ക്ക് വേണ്ടി മര്കസുൽഹിദായ സംഘടിപ്പിച്ച എണ്ണമറ്റ ഉംറ യാത്രകളുടെ ആകെത്തുകയാണിത്. ഖുർആനിന്റെയും സുന്നത്തിന്റെയും അടിസ്ഥാനത്തിൽ ഉംറയുടെ യഥാർത്ഥ രൂപം പടിപടിയായി ചിത്രസഹിതം വിദേശികളായ മുസ്‌ലിംകൾക്കും നവമുസ്‌ലിംകള്ക്കും വിശദമായി പഠിപ്പിക്കുക എന്നതാണ് ഈ കൈപുസ്തകത്തിന്റെ ദൗത്യം

അല്ലാഹു നമ്മുടെ സല്ക്കർമങ്ങൾ സ്വീകരിക്കുമാറാകട്ടെ. കർമങ്ങളിൽ ദൃഢതയും ഉദ്ദേശ്യങ്ങളില് ആത്മാർത്ഥതയും അവൻ നമുക്ക് പ്രദാനം ചെയ്യുമാറാകട്ടെ.

**മര്കസ് നിര്വാഹകസമിതി**

# യാത്രയിലെ ദിക്റുകളും പ്രാർത്ഥനകളും

ആരെങ്കിലും യാത്രയയക്കുമ്പോഴുള്ള പ്രാർത്ഥന :

أَسْتَوْدِعُ اللَّهَ دِينَكَ وَأَمَانَتَكَ وَخَوَاتِيمَ عَمَلِكَ

അസതൗദിഉല്ലാഹ ദീനക വഅമാനതിക വഖവാതീമ അമലിക്
[ അബൂദാവൂദ് 2603 ]

നിന്റെ ദീനിനെയും വിശ്വസ്ഥതയെയും കര്മ്മങ്ങളുടെ അന്ത്യത്തെയും അല്ലാഹുവില് ഏല്പിക്കുന്നു.

വാഹനത്തിൽ കയറുമ്പോൾ بِسْمِ الله ബിസ്മില്ലാഹ്

[ അബൂദാവൂദ് 2603 ]

കയറിയ ശേഷം :

الله أكبر، الله أكبر، الله أكبر،

അല്ലാഹു അക്ബർ, അല്ലാഹു അക്ബർ, അല്ലാഹു അക്ബർ

അല്ലാഹു ഏറ്റവും വലിയവന്, അല്ലാഹു ഏറ്റവും വലിയവന്, അല്ലാഹു ഏറ്റവും വലിയവന്

سُبْحَانَ الَّذِي سَخَّرَ لَنَا هَذَا وَمَا كُنَّا لَهُ مُقْرِنِينَ وَإِنَّا إِلَى رَبِّنَا لَمُنْقَلِبُونَ

സുബ്ഹാനല്ലദീ സഖ്ഖറ ലനാ ഹാദാ വമാ കുന്നാ ലഹൂ മുഖ്രിനീൻ വ ഇന്നാ ഇലാ റബ്ബിനാ ലമുൻഖലിബൂന്

അർത്ഥം:

ഇത് (വാഹനം) ഞങ്ങള്ക്ക് കീഴ്പ്പെടുത്തിത്തന്നവന് പരിശുദ്ധന്, ഞങ്ങള്ക്ക് അതിനൊരിക്കലും കഴിയുമായിരുന്നില്ല. ഞങ്ങള് അവനിലേക്ക് തന്നെ മടങ്ങുന്നവരുമാണ്.

اللَّهُمَّ إِنَّا نَسْأَلُكَ فِي سَفَرِنَا هَذَا الْبِرَّ وَالتَّقْوَى وَمِنْ الْعَمَلِ مَا تَرْضَى اللَّهُمَّ هَوِّنْ عَلَيْنَا سَفَرَنَا هَذَا وَاطْوِ عَنَّا بُعْدَهُ اللَّهُمَّ أَنْتَ الصَّاحِبُ فِي السَّفَرِ وَالْخَلِيفَةُ فِي الْأَهْلِ اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ وَعْثَاءِ السَّفَرِ وَكَآبَةِ الْمَنْظَرِ وَسُوءِ الْمُنْقَلَبِ فِي الْمَالِ وَالْأَهْلِ

അല്ലാഹുമ്മ ഇന്നാ നസ്അലുക ഫീ സഫരിനാ ഹാദാ അൽബിർറ വത്തഖ്വാ,വമിനൽ അമലി മാതർദാ, അല്ലാഹുമ്മ ഹവ്വിൻ അലൈനാ സഫറനാ ഹാദാ വത്വ്വി അന്നാ ബുഅദഹു, അല്ലാഹുമ്മ അൻതസ്സാഹിബു ഫിസ്സഫർ വൽ ഖലീഫത്തു ഫിൽ അഹ്ൽ അല്ലാഹുമ്മ ഇന്നീ അഊദു ബിക മിൻ വുഅസാഇസ്സഫർ വ കആബതിൽ മൻളർ വ സൂ ഇൽ മുൻഖലബി ഫിൽ മാലി വൽ അഹ്ൽ (മുസ്ലിം 3333 )

അര്ഥം:

അല്ലാഹുവേ, ഞങ്ങളുടെ ഈ യാത്രയില് നന്മയും തഖ്വയും നീ തൃപ്തിപ്പെടുന്ന കര്മവും ഞങ്ങള് നിന്നോട് ചോദിക്കുന്നു. അല്ലാഹുവേ, ഈ യാത്ര നീ ഞങ്ങള്ക്ക് ലഘുവാക്കുകയും ദൂരം കുറച്ചുതരികയും വേണമേ. അല്ലാഹുവേ നീയാണ് ഞങ്ങളുടെ യാത്രയിലെ കൂട്ടുകാരന്, വീട്ടിലെ പ്രതിനിധിയും. അല്ലാഹുവേ, യാത്രയിലെ ദുരിതങ്ങളില് നിന്നും മോശമായ കാഴ്ചകളില് നിന്നും കുടുംബത്തിലും സമ്പത്തിലുമുള്ള മോശമായ മടക്കത്തില് നിന്നും നിന്നോട് ഞങ്ങള് കാവല് തേടുന്നു.

അതിനു ശേഷം ഇങ്ങിനെ പറയുക:

لاَ إِلَهَ إِلاَّ أَنْتَ، سُبْحَانَكَ إِنِّي ظَلَمْتُ نَفْسِي ، فَاغْفِرْ لِي ، فَإِنَّهُ لا يَغْفِرُ الذُّنُوبَ إِلا أَنْتَ

ലാ ഇലാഹ ഇല്ലാ അൻത സുബ്ഹാനക ഇന്നീ ദലംതു നഫ്സീ ഫഗ്ഫിർ ലീ, ഫഇന്നഹു ലാ യഗ്ഫിറുദ്ദുനൂബ ഇല്ലാ അന്ത (അന്നസാഇ, അബൂദാവൂദ് 2604).

നീയല്ലാതെ ഒരു ഇലാഹും ഇല്ല തന്നെ. നീ പരിശുദ്ധനായിരിക്കുന്നു. ഞാന് എന്നോട് തന്നെ അതിക്രമം പ്രവര്ത്തിച്ചുപോയി. അതിനാല് നീ എനിക്ക്

പൊറുത്തുതരേണമേ. നീയല്ലാതെ മറ്റാരും പാപം പൊറുക്കാന് ഇല്ലല്ലോ.

ഉയര്ന്ന സ്ഥലത്തേക്ക് കയറുമ്പോള് اللَّهُ أَكْبَرُ അല്ലാഹു അക്ബര് (അല്ലാഹു ഏറ്റവും വലിയവന്) എന്ന് പറയുക

താഴ്ന്ന സ്ഥലത്തേക്ക് ഇറങ്ങുമ്പോൾ

سُبْحَانَ اللَّهِ സുബ്ഹാനല്ലാഹ് (അല്ലാഹു പരിശുദ്ധന്)

(അബൂദാവൂദ്2601 ) എന്നും ചൊല്ലുക

എവിടെയെങ്കിലും തമ്പടിക്കുമ്പോൾ

أَعُوذُ بِكَلِمَاتِ اللَّهِ التَّامَّاتِ مِنْ شَرِّ مَا خَلَقَ

അഊദു ബി കലിമാതില്ലാഹി ത്താമ്മാത്തി മിൻ ശര്റി മാ ഖലക് (മുസ്ലിം 7054 )

അല്ലാഹുവിന്റെ പരിപൂര്ണ്ണ വചനങ്ങള് കൊണ്ട്, അവന് സൃഷ്ടിച്ചവയുടെ ഉപദ്രവത്തില് നിന്ന് ഞാന് ശരണം തേടുന്നു.

മടക്ക യാത്രയിൽ യാത്രയുടെ പ്രാർത്ഥന മുഴുവനായി ചൊല്ലുക

الله أكبر، الله أكبر، الله أكبر، سُبْحَانَ الَّذِي سَخَّرَ لَنَا هَذَا وَمَا كُنَّا لَهُ مُقْرِنِينَ وَإِنَّا إِلَى رَبِّنَا لَمُنْقَلِبُونَ

اللَّهُمَّ إِنَّا نَسْأَلُكَ فِي سَفَرِنَا هَذَا الْبِرَّ وَالتَّقْوَى وَمِنْ الْعَمَلِ مَا تَرْضَى اللَّهُمَّ هَوِّنْ عَلَيْنَا سَفَرَنَا هَذَا وَاطْوِ عَنَّا بُعْدَهُ اللَّهُمَّ أَنْتَ الصَّاحِبُ فِي السَّفَرِ وَالْخَلِيفَةُ فِي الْأَهْلِ اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ وَعْثَاءِ السَّفَرِ وَكَآبَةِ الْمَنْظَرِ وَسُوءِ الْمُنْقَلَبِ فِي الْمَالِ وَالْأَهْلِ

അതോടൊപ്പം

آيبون تائبون عابدون لربنا حامدون (ആഇബൂന താഇബൂന ആബിദൂന ലിറബിനാ ഹാമിദൂൻ) = പശ്ചാത്തപിച്ചു ഖേദിച്ചു മടങ്ങിയിരിക്കുന്നു, ഞങ്ങളുടെ റബ്ബിനെ ഇബാദത്ത് ചെയ്തുകൊണ്ടും അവനെ സ്തുതിച്ചുകൊണ്ടും.

എന്നുകൂടി ചൊല്ലുക

## ഉംറയുടെ സാധുത

{ وَأَتِمُّوا الْحَجَّ وَالْعُمْرَةَ لِلَّهِ }

ദൈവപ്രീതിക്കായി ഹജ്ജും ഉംറയും ഉദ്ദേശിച്ചാല് അത് നിര്വഹിക്കുക.

നബി തിരുമേനി (സ) അരുൾ ചെയ്തിരിക്കുന്നു: “ഒരു ഉംറ അടുത്ത ഉംറ വരെയുള്ള പാപങ്ങൾക്ക് പരിഹാരമാണ്; നിഷ്കളങ്കമായ ഹജ്ജിന് സ്വർഗ്ഗത്തില് കുറഞ്ഞ ഒരു പ്രതിഫലവുമില്ല” [ ബുഖാരി, മുസ്ലിം ]

## ഉംറയുടെ കാലം

ഉംറക്ക് ഒരു നിര്ണ്ണിതസമയം ഇല്ല എന്നതിൽ കര്മ്മശാസ്ത്ര പണ്ഡിതര് എകാഭിപ്രായക്കാരാണ്. വർഷത്തിലെ ഏതു സമയവും അതിനനുയോജ്യമാണെങ്കിലും ഏറ്റവും ഉത്തമമായ സമയം റമദാനാകുന്നു. കാരണം റമദാനിലെ ഉംറ നബി തിരുമേനിയോടൊപ്പം ഹജ്ജ് ചെയ്തതിനു തുല്യമാകുന്നു. നബി തിരുമേനി (സ) പറഞ്ഞു റമദാനിലെ ഉംറ എന്റെ കൂടെ ഹജ്ജ് ചെയ്തതിനു തുല്യമാകുന്നു (ബുഖാരി, മുസ്ലിം) [ ബുഖാരി, മുസ്ലിം ]

# ഉംറയുടെ വിധി

ഉംറ സുന്നത്ത് ആണെന്നാണ് ഭൂരിപക്ഷം കര്മ്മശാസ്ത്ര പണ്ഡിതരും അഭിപ്രായപ്പെട്ടിരിക്കുന്നത്, ജീവിതത്തിൽ ഒരിക്കൽ നിര്ബന്ധമാണെന്ന അഭിപ്രായമുള്ള പണ്ഡിതരും ഉണ്ട്.

# ഉംറയുടെ നിർവചനം

ഒരു പ്രത്യേക ലക്ഷ്യത്തോടെ അല്ലാഹുവിന്റെ പരിശുദ്ധ ഭവനം ലക്ഷ്യം വെക്കുക. അഥവാ ഇഹ്റാമോടു കൂടി ത്വവാഫ് (കഅബ പ്രദിക്ഷണം) സഫ-മർവക്കിടയിലുള്ള സഅയ് (വേഗത്തിലുള്ള നടത്തം) എന്നിവയാകുന്നു

# ഉംറയുടെ കര്മ്മങ്ങള് നാലെണ്ണമാകുന്നു

**1)** ഇഹ്റാം (ഉംറയുടെ നിയ്യത്ത്)

**2)** കഅബാ ത്വവാഫ്

**3)** സഫ-മർവക്കിടയിലുള്ള സഅയ്

**4)** തലമുണ്ഡനം ചെയ്യുക അല്ലെങ്കിൽ മുടി മുറിക്കുക

# ഇഹ്റാമിന്റെ മീഖാത്തുകൾ

ഇഹ്റാമിലല്ലാതെ കടന്നു പോകാൻ അനുവദനീയമല്ലാത്ത സ്ഥലങ്ങൾക്കാണ് മീഖാത്ത് എന്ന് പറയുന്നത്. അവ അഞ്ചെണ്ണമാകുന്നു:

**1)** ദുൽ ഹുലൈഫ: മദീനക്കാർക്കും അതിനു പുറകിലുള്ളവർക്കും

**2)** അൽജുഹ്ഫ: ശാമിന്റെ ഭാഗത്തു നിന്ന് വരുന്നവർക്ക്. റാബിഗ് എന്നാണ് ഈ സ്ഥലം ഇപ്പോൾ അറിയപ്പെടുന്നത്

**3)** ഖർനുൽ മനാസിൽ: നജദ്കാർക്ക്. അസ്സൈല് അല് കബീർ എന്നാണ് ഇപ്പോൾ വിളിക്കപ്പെടുന്നത്.

**4)** യലംലം: യമൻ, തഹാമ, ഇന്ത്യ എന്നീ പ്രദേശങ്ങളിലുള്ളവർക്ക്. സാദിയ്യ എന്നാണ് ഇപ്പോള് അറിയപ്പെടുന്നത്.

**5)** ദാത്ത് ഇർഖ്: ഇറാഖ് ഭാഗത്ത് നിന്നും അതിനു കിഴക്കന് പ്രദേശങ്ങളില് നിന്നുള്ളവര്ക്കും

# മീഖാത്തിലെ കര്മ്മങ്ങള്



മീഖാത



മീഖാത

മീഖാത്തിൽ എത്തുമ്പോള് താഴെ പറയുന്ന കാര്യങ്ങള് ചെയ്യൽ അഭിലഷണീയമാണ്.

(ആരെങ്കിലും മീഖാത്തിനു മുൻപ് യാത്രയിൽ വെച്ചോ വീട്ടിൽ വെച്ചോ അല്ലെങ്കിൽ ഇഹ്റാമില് പ്രവേശിക്കുന്നതിനു മണിക്കൂറുകള്ക്ക് മുമ്പോ ഇവ നിർവഹിച്ചാലും വിരോധമില്ല; അത് മതിയാകുന്നതാണ്.)



**1)** നഖം മുറിക്കൽ ①

**2)** മീശ വെട്ടൽ

**3)** കക്ഷം, ഗുഹ്യഭാഗം എന്നിവിടങ്ങളിലെ രോമം നീക്കം ചെയ്യല്.



**4)** മിസ്വാക്ക് കൊണ്ടോ മറ്റോ ദന്തശുദ്ധീകരണം നടത്തുക ②



സൃഷ്ടിപ്പ്, ആധിപത്യം, ആസൂത്രണം, അന്നം നല്കല്, ജീവിപ്പിക്കല്, മരിപ്പിക്കല് മുതലായവയില് അല്ലാഹുവിന്റെ ഏകത്വം അംഗീകരിക്കലാണ് "തൌഹീദ് റുബൂബിയ്യ"

**5)** കുളി





- പുരുഷന്മാർക്ക് കുളി സുന്നത്താകുന്നു (1) (2)
- സ്ത്രീകൾ ആർത്തവകാരികളോ പ്രസവരക്തം സ്രവിക്കുന്ന സമയത്തോ ആണെങ്കിലും കുളി സുന്നത്താകുന്നു. അങ്ങിനെയുള്ള അവസ്ഥയില് ശുദ്ധിയായി കുളിക്കുന്നത് വരെ ത്വവാഫിൽ നിന്നും വിട്ടു നിൽകേണ്ടതാണ് .



**6)** ഇഹ്റാമിൽ പ്രവേശിക്കുന്നതിന് മുൻപ് ഊദോ മറ്റോ ഉപയോഗിച്ച് സുഗന്ധം പൂശുക - ശരീരത്തിലും തലയിലും താടിയിലും (3)



- ഇഹ്റാമിന്റെ വസ്ത്രത്തിൽ സുഗന്ധം പുരളാതിരിക്കൽ നിർബന്ധമാണ് (4)
- ദുർഗന്ധം ഒഴിവാക്കാൻ ആവശ്യമായത്ര സുഗന്ധം സ്ത്രീകൾക്ക് ഉപയോഗിക്കാവുന്നതാണ്.

പുരുഷന്മാരോട് ഇടകലരാൻ സാധ്യതയുള്ളതുകൊണ്ടു അത് ഉപേക്ഷിക്കുന്നതാണുത്തമം.

**7)** തുന്നലില്ലാത്ത തുണിയും മേൽമുണ്ടും ധരിക്കുക വൃത്തിയുള്ള വെള്ള തുണികള് ആകലാണ് സുന്നത്ത് (1) (2)





- ശരീരം മറക്കുന്ന ഏത് വസ്ത്രത്തിലും സ്ത്രീകൾക്ക് ഇഹ്റാമില് പ്രവേശിക്കാവുന്നതാണ്; പ്രത്യേക നിറം നിശ്കര്ഷിക്കുന്നില്ല. അലങ്കാരം പ്രകടമാവാത്ത ഏതു വസ്ത്രവും സ്ത്രീകള്ക്ക് ധരിക്കാവുന്നതുമാണ്.



- മുഖം മറക്കുന്ന ബുർഖയോ (3) കൈയ്യുറയോ (4) ധരിക്കാൻ പാടില്ല. നബി തിരുമേനി (സ) പറഞ്ഞിരിക്കുന്നു " ഇഹ്റാമിൽ



പ്രവേശിക്കുന്ന സ്ത്രീകൾ മുഖാവരണമോ കയ്യുറയോ ധരിക്കാതിരിക്കട്ടെ

[ സ്വഹീഹുൽ ബുഖാരി 1471 ]



ജീവിപ്പിക്കുന്നവനും മരിപ്പിക്കുന്നവനുമായി അല്ലാഹുവല്ലാതെ മറ്റാരുമില്ല; ഉപകാരം ചെയ്യുന്നവനോ ഉപദ്രവം എല്പ്പിക്കുന്നവനോ ആയി അല്ലാഹുവല്ലാതെ മറ്റാരുമില്ല.

ംസ്ത്രീകള് അന്യപുരുഷന്മാരുടെ മുന്നിൽ മുഖം മറക്കൽ അഭിലഷണീയമാണ്. ആയിഷ (റ) യുടെ ഒരു ഹദീസിൽ ഇപ്രകാരം കാണാം: ((പ്രവാചകന്റെ കൂടെ ഇഹ്റാമിൽ ആയിരിക്കെ യാത്രാസംഘങ്ങൾ ഞങ്ങളുടെ അടുത്തുകൂടി കടന്നു പോകാറുണ്ടായിരുന്നു. അവര് ഞങ്ങളുടെ അടുത്തെത്തുന്ന സമയം ഞങ്ങളില് ചിലര് തന്റെ ശിരോവസ്ത്രം തലയിൽ നിന്ന് മുഖത്തേക്ക് ഇറക്കുമായിരുന്നു. അവർ ഞങ്ങളെ കടന്നു പോയിക്കഴിഞ്ഞാൽ ഞങ്ങൾ മുഖം വെളിവാക്കുമായിരുന്നു)) [ സുനനു അബൂദാവൂദ് 1835 ]

**8)** ചെരുപ്പ് ധരിക്കൽ ① ②







ംചെരുപ്പ് ലഭ്യമല്ലെങ്കിൽ ഖുഫ്ഫ (ബൂട്ട്) ഞെരിയാണിക്ക് താഴെവരെ മുറിച്ച് ധരിക്കാവുന്നതാണ്







ം സോക്സോ ഷൂസോ ധരിക്കൽ പുരുഷന്മാർക്ക് അനുവദനീയമല്ല ③ ④

- സ്ത്രീകൾ അവർക്കിഷ്ടമുള്ള സോക്സോ കാലുറയോ ഷൂസോ ധരിക്കുന്നതിൽ വിരോധമില്ല
- ഇപ്പറഞ്ഞവയിൽ നിന്ന് ഏതെങ്കിലും ഉപേക്ഷിക്കുകയോ നിർവഹിക്കാതിരിക്കുകയോ ചെയ്താലും ഉംറക്ക് യാതൊരു ഭംഗവും സംഭവിക്കുന്നതല്ല .
- അതുപോലെ തന്നെ ഈ സുന്നത്തുകൾ ഇഹ്റാമിന്റെ വസ്ത്രം ധരിക്കുന്നതിനു മുമ്പോ ശേഷമോ ആവുന്നതിൽ യാതൊരു വിരോധവുമില്ല ,നിയ്യത്തിനും തൽബിയ്യത്തിനും മുമ്പ് ആയാൽ മതി .

## ഉംറയില് ഏര്പ്പെട്ടയാള്ക്ക് അനുവദനീയമായവ :

1. വാച്ച് ധരിക്കല്
2. മോതിരം ധരിക്കല്
3. ബെൽറ്റ് ധരിക്കല്
4. ഇയർഫോൺ ഉപയോഗിക്കല്












# ഇഹ്റാമില്പ്രവേശിച്ചതിന് ശേഷം ചെയ്യേണ്ടവ

ം മേല്പ്പറഞ്ഞ സുന്നത്തുകൾ പൂർത്തിയായതിനു ശേഷം ഇഹ്റാമിന്റെ വസ്ത്രം ധരിക്കുകയും വുദു എടുക്കുകയും ചെയ്യുക. ഫർദ് നമസ്കാരത്തിന്റെ സമയമായെങ്കിൽ അത് നിര്വ്വഹിക്കുകയും അല്ലെങ്കിൽ വുദുവിന്റെ സുന്നത്തായ രണ്ടു റക്അതോ അതുമല്ലെങ്കിൽ രണ്ടു റക്അത്ത് തഹിയ്യത്തുൽ മസ്ജിദോ അതുമല്ലെങ്കിൽ മറ്റു വല്ല സുന്നത്തോ നമസ്കരിക്കുക. കാരണം നബി തിരുമേനി (സ) ദുല്ഹുലൈഫയിൽ രണ്ടു റക്അത്ത് നമസ്കരിക്കാറുണ്ടായിരുന്നു. പിന്നീട് വാഹനത്തില് ഇരുന്ന് കഴിഞ്ഞാല് തഌീല് ചൊല്ലുമായിരുന്നു.

[ സ്വഹീഹു മുസ്ലിം 2871 ]

ം നമസ്കാരത്തിൽ നിന്ന് വിരമിച്ചാല് ഉംറ ആരംഭിക്കുന്നതായി മനസ്സില് കരുതുക. ഈ നിയ്യത്താണ് ഇഹ്റാമിന്റെ യാഥാര്ഥ്യം. "ലബ്ബൈക്ക ഉംറതൻ" എന്നാണ് ഉംറയുടെ നിയ്യത്ത്. = ഞാന് ഉംറ ഉദ്ദേശിക്കുന്നു [ സ്വ ഹീഹുൽ മുസ്ലിം 3054 ]

തുടർന്ന് തല്ബിയ്യത്ത് ചൊല്ലുക:

(( لَبَّيْكَ اللَّهُمَّ لَبَّيْكَ، لَبَّيْكَ لاَ شَرِيْكَ لَكَ لَبَّيْكَ، إِنَّ الْحَمْدَ وَالنِّعْمَةَ لَكَ وَالْمُلْكَ لاَشَرِيْكَ لَكَ ))

(( ലാബ്ബിക് അലഹാഹമ്മ ലാബ്ബിക്, ലബിക ലാ ഷറാരിക ലാക്ക ലാബ്ബാക്ക്, ഇൻൽ-ഹാംഡ വാൻ-നിതാ ലാക്ക വാലാ മുൽക് ലാ ലാ ഷെയ്ക്ക് ലാക്ക് ))

( അല്ലാഹുവേ ഞാനിതാ നിന്റെ വിളിക്ക് ഉത്തരം ചെയ്തിരിക്കുന്നു, ഞാന് ഉത്തരം ചെയ്തിരിക്കുന്നു, നിനക്ക് പങ്കുകാര് ആരുമേയില്ല തന്നെ, ഞാന് ഉത്തരം ചെയ്തിരിക്കുന്നു, സകല സ്തുതികളും അനുഗ്രഹങ്ങളും അധികാരങ്ങളും നിനക്കുള്ളതാണ്, നിനക്ക് പങ്കുകാര് ആരുമേയില്ല തന്നെ. ) [ ബുഖാരി , മുസ്ലിം ]

- വാഹനത്തിൽ കയറുന്നതോടു കൂടി നിയ്യത്തിനോടൊപ്പം തല്ബിയ്യത്ത് ചൊല്ലുന്നതാണുത്തമം. എന്നാല് നമസ്കാരത്തിന് ശേഷം വാഹനത്തില് കയറുന്നതിനു മുമ്പ് തല്ബിയ്യത്ത് ചൊല്ലുന്നതിലും വിരോധമില്ല.

## കുറിപ്പ് :

- ഇഹ്റാം ഉദ്ദേശിച്ച വ്യക്തി യാത്രക്ക് മുമ്പ് വീട്ടിൽ വെച്ചോ വിമാനത്തിൽ വെച്ചോ , കരമാർഗമാണെങ്കിൽ ബസ്സിൽ വെച്ചോ ഇഹ്റാമിന്റെ വസ്ത്രം ധരിക്കാവുന്നതാണ്. പക്ഷെ യാത്ര കരമാർഗമാണെങ്കിൽ മീഖാത്തിൽ വെച്ച് മാത്രമേ ഇഹ്റാമിൽ പ്രവേശിക്കാൻ പാടുള്ളു. വിമാനത്തിലാണെങ്കിൽ മീഖാത്തിനു നേർരേഖയിലെത്തുമ്പോൾ ഇഹ്റാമിൽ പ്രവേശിക്കുകയും തല്ബിയ്യത്ത് ഉരുവിടുകയും ചെയ്യേണ്ടതാണ് (വിമാനത്തിൽ അറിയിപ്പ് തരുന്നത്തിനനുസരിച്ച്)

- നിയ്യത്തു വെച്ച് തല്ബിയ്യത്ത് ചൊല്ലുന്നതോടു കൂടി ഉംറ ഉദ്ദേശിക്കുന്ന വ്യക്തി ഇഹ്റാമിൽ പ്രവേശിച്ചു കഴിഞ്ഞു. തുടർന്ന് ഇഹ്റാമില് നിഷിദ്ധമായ കാര്യങ്ങളൊക്കെ ഉപേക്ഷിക്കൽ നിർബന്ധമാണ്.

# ഇഹ്റാമിൽ നിഷിദ്ധമായവ

(ഇഹ്റാമില് പ്രവേശിച്ച ഉപേക്ഷിക്കേണ്ട കാര്യങ്ങള്)

**1)** നഖം മുറിക്കൽ ①



**2)** തലയിൽനിന്നോ ശരീരത്തിന്റെ മറ്റു ഭാഗങ്ങളിൽ നിന്നോ മുടിയെടുക്കൽ (സ്ത്രീകളായാലും പുരുഷന്മാരായാലും) ② ③







**3)** ശരീരത്തിലോ വസ്ത്രത്തിലോ സുഗന്ധദ്രവ്യം ഉപയോഗിക്കൽ (സ്ത്രീകളായാലും പുരുഷന്മാരായാലും) ④

**4)** സ്വന്തത്തിനോ മറ്റുള്ളവർക്കോ വേണ്ടി വിവാഹാലോചനായോ വിവാഹ ഉടമ്പടിയോ നടത്തൽ. ⑤




**5)** ലൈംഗിക സമ്പർക്കത്തിലോ അതിലേക്ക് എത്തിക്കുന്ന കാര്യങ്ങളിലോ ഏർപ്പെടല്.

**6)** പക്ഷിമൃഗാദികളെ വേട്ടയാടുക (1) (2)










◦ (എന്നാൽ മീൻ പിടുത്തം (3) , കോഴി പോലുള്ളവയെ അറുക്കൽ അനുവദനീയമാണ്) (4)




**7)** മുഖം മറക്കല്: നിഖാബ് പോലുള്ള വസ്ത്രം ധരിക്കൽ. (സ്ത്രീകളായാലും പുരുഷന്മാരായാലും)

**8)** പുരുഷന്മാര് തല മറക്കൽ: തൊപ്പി, ടവ്വൽ, തലപ്പാവ് മുതലായ തലയില് ചേർന്നിരിക്കുന്ന വസ്തുക്കൾ കൊണ്ട് തല മറക്കാൻ പാടില്ല. (5) (6) (7)









- എന്നാൽ, തലയില് ചേർന്ന് നിൽക്കാത്ത കുട (1) ചൂടുന്നതും അല്ലെങ്കിൽ സാധനങ്ങൾ തലയിൽ ചുമന്നു കൊണ്ടുപോവുന്നതും (2) അനുവദനീയമാണ്





**9)** ഷർട്ട്, ബനിയൻ, പൈജാമ, പാൻറ്സ് മുതലായ സാധാരണ ധരിക്കുന്ന, ശരീരത്തിന്റെ ആകൃതിയിൽ തുന്നിയ വസ്ത്രങ്ങൾ ധരിക്കുന്നത് പുരുഷന്മാർക്ക് നിഷിദ്ധമാണ് (3)



**10)** സോക്സ്, ഷൂസ് എന്നിവ ധരിക്കൽ (4)(5)





## കുറിപ്പ് :

ചെരിപ്പ് കിട്ടിയില്ലെങ്കിൽ ഞെരിയാണിക്ക് മുകളിലുള്ള ഭാഗം മുറിച്ചു കളഞ്ഞശേഷം ഖുഫ്ഫ (ബൂട്ട്) ധരിക്കാവുന്നതാണ്.

## സ്ത്രീകൾക്കുള്ള പ്രത്യേക നിർദേശങ്ങള്

- ഇഹ്റാമിന്റെ സന്ദർഭത്തിൽ സ്ത്രീകൾ, നിഖാബ്, കയ്യുറകൾ എന്നിവ ധരിക്കാൻ പാടില്ല
- എന്നാൽ അന്യ പരുഷന്മാരുടെ സാന്നിദ്ധ്യത്തില് മുഖം മറക്കാവുന്നതാണ്
- ഏത് ആവരണം കൊണ്ടും സ്ത്രീകൾക്ക് തല മറക്കാവുന്നതാണ്

## ഇഹ്റാമിന് ശേഷം ഉംറയിലായിരിക്കെ ചെയ്താൽ കുഴപ്പമില്ലാത്ത ചില കാര്യങ്ങൾ

**1)** ചെളി പുരണ്ടാലോ മറ്റെന്തെങ്കിലും ആവശ്യത്തിനോ (1) വേണ്ടി ഇഹ്റാമിന്റെ വസ്ത്രം അഴിക്കുന്നതിനോ, അത് മാറ്റുന്നതിനോ വിരോധമില്ല. ചെരിപ്പും അതുപോലെ തന്നെ.




- സ്ത്രീകൾക്ക് അവരുടെ ഉടുത്ത വസ്ത്രം മാറ്റി മറ്റൊരു വസ്ത്രം ധരിക്കുന്നതിനും കുഴപ്പമില്ല

**2)** ഇഹ്റാമിലായിരിക്കെ കുളിക്കുന്നതിനോ, തല കഴുകുന്നതിനോ, ചൊറിയുന്നതിനോ അനുവാദമുണ്ട്. അത് മുഖേന തലമുടി പൊഴിയുന്നതും വിരോധമില്ല. (2)



# മീഖാത്ത് മുതല് ഹറം വരെയുള്ള കാര്യങ്ങൾ ① ②

ഇഹ്റാമിൽപ്രവേശിച്ചതിന്ശേഷം,ബസ്സിലാണെങ്കിലും വിമാനത്തിലാണെങ്കിലും, മക്കയിലെത്തുന്നത് വരെ യാത്രയിലുടനീളം തല്ബിയ്യത്ത് അധികരിപ്പിക്കുന്നത് അഭികാമ്യമാണ്





തല്ബിയ്യത്ത്

(( لَبَّيْكَ اللَّهُمَّ لَبَّيْكَ، لَبَّيْكَ لاَ شَرِيْكَ لَكَ لَبَّيْكَ، إِنَّ الْحَمْدَ وَالنِّعْمَةَ لَكَ وَالْمُلْكَ لاَشَرِيْكَ لَكَ ))

(( "ലബ്ബൈക്കല്ലാഹുമ്മ ലബ്ബൈക്ക്. ലബ്ബൈക്ക ലാ ശരീക്ക ലക്ക ലബ്ബൈക്ക് ഇന്നൽ ഹംദ വന്നിഅമത്ത ലക വൽമുൽക്ക് ലാ ശരീക്ക ലക്ക്" ))

( അല്ലാഹുവേ ഞാനിതാ നിന്റെ വിളിക്ക് ഉത്തരം ചെയ്തിരിക്കുന്നു, ഞാന് ഉത്തരം ചെയ്തിരിക്കുന്നു, നിനക്ക് പങ്കുകാര് ആരുമേയില്ല തന്നെ, ഞാന് ഉത്തരം ചെയ്തിരിക്കുന്നു, സകല സ്തുതികളും അനുഗ്രഹങ്ങളും അധികാരങ്ങളും നിനക്കുള്ളതാണ്, നിനക്ക് പങ്കുകാര് ആരുമേയില്ല തന്നെ. )

[ ബുഖാരി , മുസ്ലിം ]

- പുരുഷന്മാർ ഉറക്കെ തൽബിയ്യത്ത് ചൊല്ലുന്നതും സ്ത്രീകൾ പതുക്കെ ചൊല്ലുന്നതുമാണ് സുന്നത്ത്

- മസ്ജിദുൽ ഹറാമിൽ എത്തിയാൽ പള്ളിയിലേക്ക് വലതുകാൽ വെച്ചു പ്രവേശിക്കുകയും ഇങ്ങനെ പറയുകയും വേണം :




(( بِسْمِ اللَّهِ، اَللَّهُمَّ صَلِّ عَلَىٰ مُحَمَّدٍ،
اللَّهُمَّ افتَحْ لِي أَبوابَ رَحمَتِكَ ))

ബിസ്മില്ലാഹി, അല്ലാഹുമ്മ സല്ലി അലാ മുഹമ്മദിൻ അല്ലാഹുമ്മ ഇഫ്തഹ് ലീ അബ്വാബ റഹ്മത്തിക്ക്"
[ മുസ്‌ലിം ഉദ്ധരിച്ചത് ]

- പിന്നീട് കഅബയിലേക്ക് പോവുകയും തല്ബിയത്ത് നിർത്തുകയും,




- പിന്നീട് കഅബയിലേക്ക് പോവുകയും തൽബിയ്യത്ത് അവസാനിപ്പിക്കുകയും ത്വവാഫ് തുടങ്ങുന്നതിനു മുമ്പ് വുദു എടുക്കുകയും ചെയ്യുക (1)




- തവാഫിന് മുമ്പ് പുരുഷന്മാരുടെ മേൽമുണ്ട് വലത്തേ ചുമൽ പുറത്തു കാണുംവിധം വലത്തെ കക്ഷത്തിലൂടെ എടുത്ത് ഇടത്തെ ചുമലിനു മുകളിൽ (2) ഇടൽ സുന്നത്താണ്. (ഇള്ത്തിബാഅ) ഏഴു ത്വവാഫിലും ഇങ്ങനെ വസ്ത്രം ധരിക്കുന്നത് സുന്നത്താണ്







ഏതെങ്കിലും ഒരു ആരാധന അല്ലാഹു അല്ലാത്തവർക്ക് വകവെച്ചുകൊടുക്കലാണ് ശിർക്ക് (ബഹുദൈവാരാധന)

# ത്വവാഫ്

- ഹജറുൽ അസ്വദ് സ്ഥിതി ചെയ്യുന്ന മൂലയിൽ നിന്നാണ് ത്വവാഫ് തുടങ്ങേണ്ടത്. സാധിക്കുമെങ്കിൽ അതിനെ ചുംബിക്കുന്നത് സുന്നത്താണ്. (2)








സാധ്യമായില്ലെങ്കിൽ കൈകൊണ്ടോ മറ്റോ അതിനെ തൊട്ടുമുത്തുക എന്നിട്ട്

بِسْمِ اللَّهِ، الله أكبر

അല്ലാഹുവിന്റെ നാമത്തിൽ ഞാൻ ആരംഭിക്കുന്നു. അല്ലാഹു ഏറ്റവും വലിയവന്) എന്നു പറയുക. ഇതൊന്നും സാധിച്ചില്ലെങ്കിൽ അകലത്തിൽ നിന്ന് തന്നെ അതിനു നേരെ കൈ ഉയർത്തി بِسْمِ اللَّهِ، الله أكبر (അല്ലാഹുവിന്റെ നാമത്തിൽ ഞാൻ ആരംഭിക്കുന്നു. അല്ലാഹു ഏറ്റവും വലിയവന്) എന്നു പറയുക. (3) (4)





o ശേഷം കഅബയെ ഇടത് ഭാഗത്താക്കിക്കൊണ്ട് നടത്തം ആരംഭിക്കുക. ഇതിനിടയിൽ ഏത് ദിക്റും , ദുആയും ഖുർആൻ പാരായണവും ആകാവുന്നതാണ് (1)

o റുക്നുൽ യമാനി എന്ന മൂലയിൽ എത്തിയാൽ സാധ്യമാകുമെങ്കിൽ അതിനെ കൈകൊണ്ട് സ്പർശിക്കുക; കൈ മുത്തേണ്ടതില്ല.സാധിച്ചില്ലെങ്കിൽ അതിന് നേരെ തിരിഞ്ഞു ആംഗ്യം കാണിക്കുകയോ മറ്റോ ചെയ്യേണ്ടതില്ല (2)




o ത്വവാഫിനിടയിൽ , ഓരോ കറക്കത്തിനും പ്രത്യേകം ദിക്റുകളോ ഓരോ മൂലയിലും സ്ഥലത്തും വ്യത്യസ്ത പ്രാർത്ഥനകളോ ഇല്ല. എന്നാൽ റുക്നുൽ യമാനിക്കും ഹജറുൽ അസ്‌വദിനും ഇടയിൽ (പേജ് 23 ലെ ചിത്രം 1 കാണുക ) :

(( رَبَّنَا آتِنَا فِي الدُّنْيَا حَسَنَةً وَفِي الْآخِرَةِ حَسَنَةً وَقِنَا عَذَابَ النَّارِ ))


(ഞങ്ങളുടെ നാഥാ, നീ ഞങ്ങൾക്ക് ഇഹത്തിലും പരത്തിലും നന്മ പ്രദാനം ചെയ്യേണമേ, ഞങ്ങളെ നരകശിക്ഷയിൽ നിന്ന് രക്ഷിക്കുകയും ചെയ്യേണമേ) എന്ന് പ്രാർത്ഥിക്കുന്നത് സുന്നത്താകുന്നു. [ സുനനു അബൂദാവൂദ് 1894 ]

o ഓരോ പ്രാവശ്യവും ഹജറുൽ അസ്‌വദ് എത്തുമ്പോൾ മുമ്പ് പറഞ്ഞ പോലെ തൊടുകയോ കൈകൊണ്ട് ആംഗ്യം കാണിക്കുകയോ ചെയ്യുകയും തക്ബീർ ചൊല്ലുകയും ചെയ്യുക (പേജ് 23 ലെ ചിത്രം 1 കാണുക) (( الله أكبر )) [ സഹീഹുൽ ബുഖാരി : 1535 ]

ഇതോടെ ഒരു പ്രദക്ഷിണം പൂർത്തിയായി. ഇങ്ങനെ ഏഴു കറക്കം പൂർത്തിയാക്കുക. ഏഴാമത്തെ കറക്കത്തിന്റെ അവസാനത്തിൽ ഹജറുൽ അസ്‌വദ് തൊടുകയോ അതിലേക്കു ആംഗ്യം കാണിക്കുകയോ ചെയ്യേണ്ടതില്ല.

o ആദ്യത്തെ മൂന്നു ത്വവാഫിൽ പുരുഷന്മാർ കാലുകൾ അടുത്തടുത്തു വെച്ച് രണ്ടു തോളും ചലിപ്പിച്ചു ധൃതിയിൽ നടക്കുന്നത് (റംല് നടത്തം) സുന്നത്താണ് തിരക്കു കാരണം അങ്ങനെ സാധ്യമല്ലെങ്കിൽ ഇത് ഒഴിവാക്കുന്നതിന് വിരോധമില്ല. ബാക്കിയുള്ള നാലു ത്വവാഫുകൾ സാധാരണ പോലെയും ആണ് നടക്കേണ്ടത്.

# ഏഴു ത്വവാഫിന് ശേഷം



1

• ഇള്ത്ത്വിബാഅ ഒഴിവാക്കുക. (രണ്ടു തോളും വസ്ത്രം കൊണ്ട് മറയുക്കുക) (1)



2

• ശേഷം മഖാം ഇബ്രാഹിമിലേക്കു പോവുകയും ഇങ്ങനെ പാരായണം ചെയ്യുകയും ചെയ്യുക. (2)

وَاتَّخِذُوا مِن مَّقَامِ إِبْرَاهِيمَ مُصَلًّى

ഇബ്റാഹീം പ്രാര്ഥിക്കാന് നിന്നിരുന്ന സ്ഥാനത്തെ നിങ്ങള് പ്രത്യേക പ്രാര്ഥനാസ്ഥാനമാക്കുവിന്



3

• ശേഷം സാധിക്കുമെങ്കില് മഖാമു ഇബ്രാഹിമിന്റെ പിന്നിൽ വെച്ച് രണ്ടു റക്അത്ത് നമസ്കരിക്കുക (3).

(തിരക്ക് കാരണമോ അല്ലെങ്കിൽ തന്റെ നമസ്കാരം കാരണം തിരക്കുണ്ടാകുമെന്ന പേടി കാരണമോ അവിടെ വെച്ച് നമസ്കരിക്കാൻ കഴിഞ്ഞില്ലെങ്കിൽ മസ്ജിദുൽ ഹറാമിന്റെ എവിടെ വെച്ച് നമസ്കരിക്കുന്നതിനും കുഴപ്പമില്ല)



കണ്ണേറു തടയുമെന്നോ ദുരാത്മാക്കളില് നിന്ന് രക്ഷ ലഭിക്കുമെന്നോ കരുതി കഴുത്തില് ധരിക്കുന്ന ഉറുക്ക് പോലെയുള്ള വസ്തുക്കളാണ് "തമീമ"

അതിൽ ഒന്നാമത്തെ റക്അത്തിൽ സൂറത്തും ഫാതിഹക്ക് ശേഷം സൂറത്തുൽ കാഫിറൂനും ((قُلْ يَا أَيُّهَا الْكَافِرُونَ)) രണ്ടാമത്തെ റക്അത്തിൽ സൂറത്തുൽ ഇഖ്‌ലാസും ((قُلْ هُوَ اللَّهُ أَحَدٌ)) ഓതൽ സുന്നത്താണ്. ഇനി മറ്റേതെങ്കിലും സൂറത്താണ് ഓതുന്നതെങ്കിൽ അതിനും വിരോധമില്ല. [ സഹീഹ് മുസ്ലിം 3009 ]

o നിസ്കാര ശേഷം മുമ്പ് ചെയ്തതുപോലെ കഴിയുമെങ്കിൽ ഹജറുൽ അസ്‌വദ് പോയി സ്പർശിക്കുക, ഇല്ലെങ്കിൽ ഒഴിവാക്കുന്നതിന് വിരോധവും ഇല്ല.

o ശേഷം സംസം വെള്ളം കുടിക്കുക, (1) ശേഷം അവന് ഉദ്ദേശിക്കുന്നതെന്തും അല്ലാഹുവിനോട് പ്രാർത്ഥിക്കുക. ഇബ്നു അബ്ബാസിന്റെ റിപ്പോർട്ട് പ്രകാരം ഇങ്ങനെ പ്രാർത്ഥിക്കുന്നത് സുന്നത്താണ് :



((بِسْمِ اللهِ اللّٰهُمَّ إِنِّيْ أَسْأَلُكَ عِلْمًا نَافِعًا وَرِزْقًا وَاسِعًا وَشِفَاءً مِّنْ كُلِّ دَاءٍ))

അല്ലാഹുവിന്റെ തിരുനാമത്തില്. അല്ലാഹുവേ, ഞാന് നിന്നോട് പ്രയോജപ്രദമായ ജ്ഞാനവും വിശാലമായ വിഭവങ്ങളും എല്ലാ രോഗത്തില് നിന്നും ശാന്തിയും തേടുന്നു. [ മുസ്തദ്റക് ഹാകിം 1739 ]

o ഇതോടെ കഅബക്കു ചുറ്റുമുള്ള തവാഫ് പൂർത്തിയായി. ഇനി സഅയ് നടത്തുന്നതിനായി പോവുകയാണ് വേണ്ടത്.

മരണപ്പെട്ടവരോട് ആവശ്യങ്ങള് ചോദിക്കുന്നതോ, സഹായം അഭ്യര്ത്ഥിക്കുന്നതോ അവര്ക്ക് മുന്നില് സാഷ്ടാംഗം നമിക്കുന്നതോ ശിര്ക്ക് ആകുന്നു.

# സഫാ മര്‍വ ഇടയിലുള്ള സഅയ്






**o** ശേഷം സഫയിലേക്ക് പോവുക (1) (2) അതിനോട് അടുക്കുമ്പോള്‍ :

((إِنَّ الصَّفَا وَالْمَرْوَةَ مِنْ شَعَائِرِ اللَّهِ ))

(നിശ്ചയം, 'സ്വഫാ'യും 'മര്‍വ'യും അല്ലാഹുവിന്റെ ചിഹ്നങ്ങളില്പെട്ടതാകുന്നു.)
[ സൂറത്തുല്‍ ബഖറ 157 ]

എന്ന് ഓതുക.

അതോടൊപ്പം : أبدأ بما بدأ الله به (അല്ലാഹു തുടങ്ങിയതുകൊണ്ട് ഞാനും തുടങ്ങുന്നു) എന്നുകൂടി പറയുക. എന്നാലിത് സഅയിന്‍റെ ആദ്യത്തില്‍ മാത്രമേ പറയേണ്ടതുള്ളൂ




**o** സ്വഫായുടെ മുകളില് കയറി കഅ്ബക്ക് നേരെ തിരിഞ്ഞു നിന്നുകൊണ്ട് ഇങ്ങനെ ചൊല്ലുക

«لاَ إِلَهَ إِلاَّ اللَّهُ، اللَّهُ أَكْبَر»

«لاَ إِلَهَ إِلاَّ اللَّهُ وَحْدَهُ لاَ شَرِيكَ لَهُ لَهُ الْمُلْكُ وَلَهُ الْحَمْدُ وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ ، لاَ إِلَهَ إِلاَّ اللَّهُ وَحْدَهُ أَنْجَزَ وَعْدَهُ وَنَصَرَ عَبْدَهُ وَهَزَمَ الأَحْزَابَ وَحْدَهُ»

(അല്ലാഹു അല്ലാതെ ഒരു ഇലാഹുമില്ല, അവന്‍ ഏകന്,




ആരെങ്കിലും അല്ലാഹുവിനും അവനുമിടയില് ഒരാളെ ഇടയാളായി നിശ്ചയിക്കുകയും അവനോട് ശുപാര്‍ശ തേടുകയും ഭരമേല്പ്പിക്കുകയും ചെയ്താല് അവന് ശിര്‍ക്ക് ചെയ്തിരിക്കുന്നു.

അവന് പങ്കുകാരേതുമില്ല, എല്ലാ അധികാരവും അവനു മാത്രം, എല്ലാ സ്തുതിയും അവന് മാത്രം അവകാശപ്പെട്ടതാണ്, അവൻ എല്ലാകാര്യത്തിനും കഴിവുള്ളവനാണ്. അല്ലാഹുവല്ലാതെ ഒരു ഇലാഹുമില്ല. അവൻ ഏകന്. അവൻ അവൻറെ വാഗ്ദത്തം പാലിക്കുകയും അവൻറെ അടിമയെ സഹായിക്കുകയും സഖ്യകക്ഷികളെ ഒറ്റക്ക് പരാജയപ്പെടുത്തുകയും ചെയ്തു.)

ഇത് മൂന്നു പ്രാവശ്യം ആവർത്തിക്കുക.

- ശേഷം കൈകളുയർത്തി അല്ലാഹുവിനെ സ്തുതിക്കുകയും ഉദ്ദേശിക്കുന്നത് പ്രാർഥിക്കുകയും ചെയ്യുക.

- ഇതിനുശേഷം മർവയിലേക്ക് നടക്കുകയും, നടത്തത്തില് ദിക്റുകളും ദുആഉകളും ഖുർആൻ പാരായണവുമൊക്കെ നടത്തുകയും ചെയ്യുക. (1) (2)


1


2


ഇങ്ങനെ പറയുന്നതിന് പ്രത്യേക ശ്രേഷ്ഠതയുണ്ട് :


اَللَّهُمَّ اغْفِرْ وَارْحَمْ وَأَنْتَ الْأَعَزُّ الْأَكْرَم

(അല്ലാഹുവേ നീ പൊറുത്തുതരികയും കരുണ ചൊരിയുകയും ചെയ്യേണമേ നീയെത്ര പ്രതാപിയും ഉദാരനുമാകുന്നു.)

[ സുനന് ബൈഹകി അല്കുബ്റാ ]

- രണ്ടു പച്ച അടയാളങ്ങൾ ക്കിടയിൽ എത്തുമ്പോൾമറ്റുള്ളവർക്ക് ഉപദ്രവമില്ലാത്ത രീതിയിൽ ഓടേണ്ടതാണ്. (1) (2) (3) (എന്നാലിത് പുരുഷന്മാർക്ക് മാത്രമുള്ള സുന്നത്താകുന്നു)








- ഈ അടയാളങ്ങൾക്കു ശേഷം വീണ്ടും സാധാരണ നടത്തം തുടരുകയും മർവയിൽ എത്തുന്നതുവരെ ദിക്റുകൾ ചൊല്ലിക്കൊണ്ടിരിക്കുക. ഇതോടെ ആദ്യ റൗണ്ട് പൂർത്തിയായി.




- മർവ്വയിൽ എത്തിയാൽ സഫയിൽ ചെയ്തതുപോലെ കഅ്ബക്ക് മുന്നിട്ടു കൊണ്ട് രണ്ടു കൈകളും ഉയർത്തി തഹ്ലീലുകളും തക്ബീറുകളും സ്തുതികളും ഉരുവിടുകയും അവന് ഉദ്ദേശിക്കുന്നത് പ്രാർത്ഥിക്കുകയും ചെയ്യുക. (4)

- ശേഷം വീണ്ടും സഫയിലേക്കു മടങ്ങുക. രണ്ടു പച്ച അടയാളങ്ങൾക്കിടയിൽ എത്തുമ്പോൾ ഓടുകയും ദിക്റുകളും ദുആഉകളും അധികരിപ്പിക്കുകയും ചെയ്യുക. ഇങ്ങനെ സഫയിൽ തിരിച്ചെത്തുന്നതോടെ രണ്ടാമത്തെ റൗണ്ടും പൂർത്തിയായി. ( പേജ് നമ്പർ 30 ചിത്രം 1,2,3 നോക്കുക )

ഇങ്ങനെ ഏഴാമത്തെ റൌണ്ട് മർവ്വയിൽ അവസാനിക്കുന്ന രൂപത്തിൽ ഏഴ് റൌണ്ട് പൂർത്തിയാക്കുക. (1)




## കുറിപ്പുകൾ:

- സഫാ-മർവകൾ കയറുന്നതും രണ്ടു പച്ച അടയാളങ്ങള്ക്കിടയിൽ ഓടുന്നതും സുന്നത്തായ കാര്യമാണ്. കഴിയുമെങ്കിൽ അത് ചെയ്യുക. ഇല്ലെങ്കിൽ അത് കുറ്റകരവുമല്ല.

- ശുദ്ധിയും വുദുവും സഅയിന്റെ നിബന്ധനയിൽ പെട്ടതല്ല. പക്ഷെ വുദുവോടു കൂടി ചെയ്യുന്നതാണ് ഏറ്റവും ശ്രേഷ്ഠകരമായത്.

- സഅയിന്റെ നടത്തത്തിനിടയിൽ പ്രത്യേക ദിക്റുകളോ ദുആളുകളോ ഇല്ല. ഇഷ്ടമുള്ള പ്രാർത്ഥനകളും ഖുർആൻ പാരായണവും ആകാവുന്നതാണ്

- സഅയിൽ ഇള്ത്തിബാഅ അനുവദനീയമല്ല. മറിച്ചു, സാധാരണ പോലെ വസ്ത്രം തോളിലൂടെയാണ് ധരിക്കേണ്ടത്. (പേജ് 26 ചിത്രം 1 നോക്കുക)

# തല മുണ്ഡനം ചെയ്യല് അല്ലെങ്കിൽ മുടി ചെറുതാക്കല്







- സഅയിന്റെ ഏഴു റൗണ്ട് പൂർത്തിയാക്കിയാൽ തലമുടി മുഴുവനായി കളയുകയോ (1) അല്ലെങ്കിൽ അത് ചെറുതാക്കി (2) വെട്ടുകയോ ചെയ്യുക. തലമുടി മുഴുവനായും ചെറുതാക്കൽ നിർബന്ധമാണ്.

തല മുണ്ഡനം ചെയ്യലാണ് അതിശ്രേഷ്ഠം. റസൂലിന്റെ (സ) സുന്നത്തു പോലെ വലതുഭാഗം കൊണ്ടാണ് ഇതും തുടങ്ങേണ്ടത്.




- എന്നാൽ സ്ത്രീകൾ മുടി ഭാഗങ്ങളാക്കി പിടിച്ചു മുടിയുടെ അറ്റത്തുനിന്നു വിരൽത്തുമ്പിന്റെ അളവില് വെട്ടുകയാണ് വേണ്ടത് (3)

ഇതോടെ ഉംറ പൂർത്തിയാവുകയും ഇഹ്റാം കൊണ്ട് നിഷിദ്ധമായ എല്ലാ കാര്യങ്ങളും അനുവദനീയമാകുന്നതുമാണ്.